● കവിത

# സ്നേഹപ്പാന

## കെ.ജി. അമർനാഥ്

**ഭക്തിയെ ചിന്തകൊണ്ട് ഉലയൂതിപ്പഴുപ്പിച്ച ജ്ഞാനപ്പാന മലയാളിയുടെ സ്വന്തം; മൗലികം. മലയാളിക്കൊരു സ്നേഹപ്പാനയും അനിവാര്യം.**

*ഒന്ന്*

നെല്ലിക്ക പറഞ്ഞു
ഞാൻ കയ്ച്ചിട്ടേ മധുരിക്കൂ
സ്നേഹം പറഞ്ഞു
ഞാൻ മധുരിച്ചിട്ടേ കയ്ക്കൂ

*രണ്ട്*

തക്കാളി കുമ്പസരിച്ചു
ഞാൻ, ഞങ്ങൾ, ചീഞ്ഞു
ഇനി നാറും
സ്നേഹം കുമ്പസരിക്കുന്നേയില്ല.

*മൂന്ന്*

രണ്ട് പൂക്കൾ സ്നേഹിച്ചു
ഹായ്
രണ്ട് പക്ഷികൾ സ്നേഹിച്ചു
ഹാായ്
കടലും കരയും നദിയും നിലാവും
ഹായ് ഹായ്
ആണും പെണ്ണും
ഛെ

*നാല്*

അടക്കയാണെങ്കിൽ
മടിയിൽ വെക്കാം
അടക്കാമരമായാലോ
സ്നേഹമാണെങ്കിൽ മടിയിലിരുത്താം
സ്നേഹിച്ചില്ലെങ്കിലോ

*അഞ്ച്*

ആടറിയുമോ അങ്ങാടി വാണിഭം
ആടറിയും സ്നേഹത്തിൻ പ്രകൃതി
പട്ടി ചന്തക്ക് പോയി
സ്നേഹിക്കുവാനായ് തിരിച്ചു വന്നു
ചന്തക്ക് പോയ ആൾ ചോദിച്ചു
ഈ സ്നേഹത്തിന് ഡിസ്ക്കൗണ്ടുണ്ടോ?

*ആറ്*

സംസ്ഥാനത്തെ
സ്നേഹക്ഷതങ്ങളെക്കുറിച്ചന്വേഷിക്കുവാൻ
മുഖ്യമന്ത്രി ഉത്തരവിട്ടു
ആദ്യ ചുംബനങ്ങളൊന്നും
മുഖത്തായിരുന്നില്ലെന്ന്
പോളിഗ്രാഫ് പറഞ്ഞു

*ഏഴ്*

സ്നേഹം അമിതവേഗം
കയ്യുംതലയും പുറത്തിടരുത്
തോളത്ത് വെക്കാം

*എട്ട്*

ശ്വാസം മുട്ടിയാണ് മരണമെന്ന്
പോസ്റ്റ്മോർട്ടം റിപ്പോർട്ട്
സ്നേഹം മുട്ടിയാണെന്ന്
പരേതന്റെ അന്ത്യമൊഴി

*ഒമ്പത്*

സ്നേഹത്തിലേക്കാണ്
ആമയും മുയലും കുതിച്ചത്
സ്നേഹം കൊണ്ട്
ഒരാളല്പം വൈകിയെന്ന് മാത്രം

*പത്ത്*

തടാകത്തിനടുത്തെത്തി
കിതച്ച് കിതച്ച് കെട്ടപ്പോഴാണ്
കാട്ടുതീ സ്നേഹത്തിന്റെ ചൂടറിഞ്ഞത്

*കൊറമങ്ങാട്ടിൽ, ചെന്ത്രാപ്പിന്നി-680 687*